ദേശാഭിമാനി

04 January 2022

# സിഎംഎഫ്ആർഐയിൽ വിന്റർ സ്കൂൾ തുടങ്ങി

**കൊച്ചി**

സമുദ്ര മത്സ്യസമ്പത്ത് സംരക്ഷണത്തിന്റെയും സുസ്ഥിര പരിപാലനത്തിന്റെയും ശാസ്ത്രീയ വിഷയങ്ങൾ ഗവേഷകരെ പരിശീലിപ്പിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിക്കുന്ന വിന്റർ സ്കൂളിന് തുടക്കമായി. 21 ദിവസം നീളുന്ന പരിശീലനപരിപാടിയിൽ ജമ്മു കശ്മീർ, പഞ്ചാബ്, ത്രിപുര, ഉത്തർപ്രദേശ്, ഛത്തീസ്ഗഢ്, കർണാടകം, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിൽനിന്നായി 21 ഗവേഷകർ പങ്കെടുക്കുന്നു. ഇന്ത്യയിലും വിദേശത്തുമുള്ള വിദഗ്ധരാണ് ഗവേഷകരെ പരിശീലിപ്പിക്കുന്നത്.

ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷൻ ഡയറക്ടർ ഡോ. പി കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അധ്യക്ഷനായി.